श्रीशङ्कराचार्यसंस्कृतसर्वकलाशाला,कालटी

**ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി**

**സംഗ്രഹം**

**അക്കാദമിക വിഭാഗം - ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരമുള്ള അവസരം നാളിതുവരെ വിനിയോഗിക്കാത്ത 01.01.2010 ന് ശേഷം രജിസ്റ്റർ ചെയ്ത 2009 റെഗുലേഷൻ ബാധകമായ ഗവേഷകരുടെ പ്രബന്ധ സമർപ്പണം സംബന്ധിച്ച സിൻഡിക്കേറ്റ് തീരുമാനം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**അക്കാദമിക് എ വിഭാഗം**

00173 / ACDA3 / SSUS / 2024 (1) തീയതി,കാലടി,03-02-2024

---

പരാമർശം : 1. 28.06.2021 ലെ എസിഡി.എ1 /2553/എസ്.എസ്.യു.എസ് / 2009 നമ്പർ സർവകലാശാല ഉത്തരവ്

2. 11.03.2022ലെ എസിഡി.എ1 /2553/എസ്.എസ്.യു.എസ് / 2009 നമ്പർ സർവകലാശാല ഉത്തരവ്

3. 17.10.2022 തീയതിയിലെ എസിഡി.എ1 /2553/എസ്.എസ്.യു.എസ് / 2009 നമ്പർ സർവകലാശാല ഉത്തരവ്

4. 07.08.2023 തീയതിയിലെ എസിഡി.എ1 /6023/എസ്.എസ്.യു.എസ് / 2010 നമ്പർ സർവകലാശാല ഉത്തരവ്

5. പ്രബന്ധ സമർപ്പിക്കുന്നതിനു സമയം ദീർഘിപ്പിച്ചു നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സംസ്കൃത സാഹിത്യ ഗവേഷണ പഠന വകുപ്പിലെ ഗവേഷക ജിംനിഷ വി കെ യിൽ നിന്നും ലഭിച്ച അപേക്ഷ

6 . 19.12.2023 തീയതിയിലെ 213-ാമത് (09/23) സിൻഡിക്കേറ്റ് യോഗ നടപടിച്ചുരുക്കം മെയിൻ അജണ്ട ഇനം. നം. 3

**ഉത്തരവ്**

01.01.2010 വരെ രജിസ്റ്റർ ചെയ്ത ഗവേഷകർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം പ്രബന്ധം സമർപ്പിക്കുവാൻ അനുവദിച്ചിരുന്നുവെങ്കിലും നാളിതുവരെ പ്രബന്ധം സമർപ്പിക്കാത്ത ഗവേഷകരിൽ നിന്നും 25,000/- രൂപയ്ക്കു പുറമെ 10,000/- രൂപ സൂപ്പർഫൈൻ കൂടി അടച്ച് പ്രബന്ധം സമർപ്പിക്കുവാൻ ഒരു അവസരം കൂടി പരാമർശം (1) പ്രകാരം നൽകിയിരുന്നു. പ്രസ്തുത അവസരം വിനിയോഗിക്കാത്തവർക്ക് മേൽ നിബന്ധനകളോടെ 30.06.2022 വരെ കാലയളവ് അനുവദിച്ചു കൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവാകുകയും പിന്നീട് പ്രബന്ധ സമർപ്പണ അപേക്ഷ സമർപ്പിക്കുവാൻ നിഷ്കർഷിച്ചിരിക്കുന്ന തീയതി 30.06.2022 ൽ നിന്നും 31.12.2022വരെ ദീർഘിപ്പിക്കുന്നതിനും, പ്രസ്തുത ഗവേഷകരുടെ പ്രബന്ധ സമർപ്പണം 31.03.2023 തീയതിക്കുള്ളിൽ പൂർത്തിയാക്കുന്നതിനും പരാമർശം (3) പ്രകാരം അനുമതി നൽകിയിരുന്നു.

14.07.2023- ൽ ചേർന്ന 209-ാമത് സിൻഡിക്കേറ്റ് യോഗം 01 .01 .2010 നു മുൻപ് രജിസ്റ്റർ ചെയ്ത ഗവേഷകരുടെ പ്രബന്ധ സമർപ്പണത്തിനുള്ള കാലാവധി 31.12.2023 വരെ ദീർഘിപ്പിച്ചു നൽകുവാനും പ്രബന്ധ സമർപ്പണത്തിനുള്ള ഫീസ് 30,000/- രൂപയാക്കി പുനഃനിശ്ചയിക്കുവാൻ തീരുമാനിക്കുകയും ചെയ്തിരുന്നു. സിൻഡിക്കേറ്റിന്റെ പ്രസ്തുത തീരുമാനം പരാമർശം (4) പ്രകാരം നടപ്പിലാക്കിയിരുന്നു.

06 .01 .2022 ൽ കൂടിയ അക്കാഡമിക് & റിസർച്ച് കമ്മിറ്റിയുടെ ശുപാർശ പരിഗണിച്ച 15 .01 .2022 തീയതിയിൽ 196 )മത് സിൻഡിക്കേറ്റ് അഡിഷണൽ അജണ്ട ഇനം നമ്പർ 20 പ്രകാരം 2009 ,2012 റെഗുലേഷൻ ബാധകമായ 31 .12 .2013 നു മുൻപ് രജിസ്റ്റർ ചെയ്ത ഗവേഷകർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം നിയമാനുസൃതമായ ഫീസിന് പുറമെ 25000 /- രൂപ കൂടി പിഴ ഈടാക്കി 31 .12 .2022 നു മുൻപ് പ്രബന്ധ സമർപ്പണത്തിനു അനുമതി നൽകിയിരുന്നു വെങ്കിലും സംസ്കൃത സാഹിത്യ ഗവേഷണ പഠന വകുപ്പിലെ 01 .12 .2010 രെജിസ്ട്രേഷൻ (2009 റെഗുലേഷൻ ) ബാധകമായ ജിംനിഷ വി കെ യ്ക്ക് ടി അവസരം വിനിയോഗിക്കാൻ സാധിക്കാത്തതിനാൽ പ്രബന്ധ സമർപ്പണത്തിന് സമയം ദീർഘിപ്പിച്ചു നൽകണമെന്ന് മേൽ പരാമർശം (5) പ്രകാരം ആവശ്യപ്പെട്ടിരുന്നു.19 12 .2023 തീയതിയിൽ നടന്ന 213-ാമത് സിണ്ടിക്കേറ്റ് യോഗം ടി വിഷയം

പരിഗണിക്കുകയും പരാമർശം (6) പ്രകാരം താഴെ പറയുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു. "14.11.2023 ലെ **അക്കാഡമിക് ആൻഡ് റിസർച്ച് സ്ഥിരം സമിതിയുടെ ശിപാർശ പരിഗണിച്ച 14.07.2023 ലെ 209–ാമത് സിൻഡിക്കേറ്റ് യോഗ നടപടിച്ചുരുക്കം അഡിഷണൽ അജണ്ട ഐറ്റം നമ്പർ 16 ലെ തീരുമാനം 01.01.2010 ന് ശേഷം രജിസ്റ്റർ ചെയ്ത ഗവേഷകർക്കും 2009 റെഗുലേഷൻ ബാധകമായ ഗവേഷകർക്കും കൂടി ബാധകമാക്കാൻ തീരുമാനിച്ചു. അപ്രകാരം 01.12.2010 രെജിസ്ട്രേഷൻ സാഹിത്യ വിഭാഗം ഗവേഷക ജിംനിഷ വി കെ യുടെ അപേക്ഷയിൽ തീർപ്പ് കല്പിക്കാനും തീരുമാനിച്ചു "**

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 01.01.2010- ന് ശേഷം രജിസ്റ്റർ ചെയ്ത ഗവേഷകരും 2009 റഗുലേഷൻ ബാധകമായ ഗവേഷകർക്കും 30,000/- രൂപ ഫീസും 10000 /- രൂപ സൂപ്പർ ഫൈനും ചേർത്ത് അടച്ച് പ്രബന്ധ സമർപ്പണത്തിനുള്ള അനുമതി നൽകിക്കൊണ്ടുള്ള സർവ്വകലാശാല സിൻഡിക്കേറ്റിന്റെ മേൽ പരാമർശിച്ച തീരുമാനം നടപ്പിലാക്കുവാനും, ഗവേഷണ ചോരണം തടയുന്നതിനുള്ള പുതിയ സോഫ്റ്റ്‌വെയർ സംവിധാനമായ Drill Bit പരിശോധനയുള്ള റഗുലേഷൻ/നിയമാവലി തയ്യാറായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ മേൽ സൂചിപ്പിച്ച ഗവേഷകർക്ക് പ്രബന്ധസമർപ്പണാനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള തീയതി സിൻഡിക്കേറ്റ് സാധൂകരണത്തിന് വിധേയമായി 20.02.2024 വരെ ദീർഘിപ്പിക്കുന്നതിനും, 01.12.2010 രെജിസ്ട്രേഷൻ സാഹിത്യ വിഭാഗം ഗവേഷക ജിംനിഷ വി കെ -യ്ക്ക് പ്രബന്ധസമർപ്പണാനുമതി ലഭിക്കുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിന് 20.02.2024 വരെ സമയം അനുവദിക്കുന്നതിനും ബഹു. വൈസ്-ചാൻസലർ അനുമതി നൽകിയിട്ടുണ്ട്.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു

**ഒപ്പ്**

**ഡോ. ഉണ്ണികൃഷ്ണൻ പി**

**രജിസ്ട്രാർ (ഇൻചാർജ്)**

**പകർപ്പ്**

1. എല്ലാ പഠന ഗവേഷണ വകുപ്പദ്ധ്യക്ഷൻമാർ/കോ-ഓർഡിനേറ്റർമാർ/

വകുപ്പുകളിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്

2. പരീക്ഷാ എ വിഭാഗം, സീനിയർ പ്രോഗ്രാമർ (സർവ്വകലാശാല വെബ്സൈറ്റിൽ ഇടുന്നതിന്)

3. വിസി/പിവിസി/ രജിസ്ട്രാർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ

4. ഡി.എസ്.എസ്. /ഫിനാൻസ് ഓഫീസർ f/ഡി.എസ്.എസ് -ലെ

നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിന്

5. എ.ആർ/ ഡി.ആർ (അക്കാദമിക്)

6. സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി

**ഉത്തരവിൻ പ്രകാരം**

Signature Valid
Digitally signed by P B Samkumar
Date: 2024-02-05 10.50.52 +0530

സെക്ഷൻ ഓഫീസർ